"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - അധികച്ചുമതല വഹിച്ച കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 3230/2026/ധന** **തീയതി, തിരുവനന്തപുരം 23/03/2026**

പരാമർശം :-
1. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 04/06/2025 ലെ നമ്പർ KSID/394/2025-HQ E3(II) നമ്പർ നടപടി ക്രമം.
2. 23/12/2025 തീയതിയിലെ സ.ഉ. (സാധാ)നം. 10278/2025/ധന.
3. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 21/11/2025 ലെ KSID/2019/2025-HQ E3 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസറായിരുന്ന ശ്രീ. മനോജ് കുമാർ എം.ബി 31.05.2025-ന് അടുത്തൂൺ പറ്റി പിരിഞ്ഞതിനെത്തുടർന്ന് അസിസ്റ്റന്റ് ജില്ലാ ഇൻഷ്വറൻസ് ഓഫീസറായ ശ്രീ. മഹേഷ്.എ-യ്ക്ക് കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല താത്ക്കാലികമായി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ പ്രസ്തുത നടപടിക്ക് സാധൂകരണം നൽകി പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ. മഹേഷ്.എ കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസിലെ അസിസ്റ്റന്റ് ജില്ലാ ഇൻഷ്വറൻസ് ഓഫീസറായ ശ്രീ. മഹേഷ്.എ-യ്ക്ക് കെ.എസ്. ആർ. ഭാഗം. I, ചട്ടങ്ങൾ 53 (b) (2) [as amended vide G.O(P) No.88/2017/Fin dated 11.07.2017], 53 A II (C), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ, കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ച 04.06.2025 മുതൽ പരമാവധി 3 മാസ കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.എം ജാഫർ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള , തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. മഹേഷ്.എ, അസിസ്റ്റന്റ് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, കോട്ടയം (കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(ഇ : 3345274/എസ്റ്റാ-ഡി4/161/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ